5684
23/11/18

കേരള സർക്കാർ

തുറമുഖ വകുപ്പ്

പുനഃ ക്വട്ടേഷൻ നോട്ടീസ്

നമ്പർ : സി1/3043/2016 തീയതി : 26.10.2018

കൊല്ലം നീണ്ടകര തുറമുഖ വാർഫിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 1826 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഗോഡൗൺ (നം 17) പ്രതിമാസ വാടക പ്രകാരം കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്ക് (കരാർ തൃപ്തികരമെങ്കിൽ പരമാവധി മൂന്ന് വർഷം വരെ 10% വാർഷിക വാടക വർദ്ധന നിരക്കിൽ) നിലവിലുള്ള അവസ്ഥയിൽ വാടകയ്ക്ക് നൽകുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 2018 ഡിസംബർ മാസം 20 ന് ഉച്ചക്ക് 1.00 മണിവരെ പോർട്ട് ഓഫീസർ, പോർട്ട് ഓഫീസ്, ആശ്രാമം കൊല്ലം എന്ന മേൽവിലാസത്തിൽ സ്വീകരിക്കുന്നതാണ്. ക്വട്ടേഷനുകൾ അന്നേദിവസം വൈകിട്ട് മൂന്നു മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.. താമസിച്ചു ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. മേൽ ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്തുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. ക്വട്ടേഷനോടൊപ്പം 10000/- രൂപാ (പതിനായിരം രൂപാ മാത്രം) നിരതദ്രവ്യം 'തുറമുഖ ഓഫീസർ, തുറമുഖ ഓഫീസ്, കൊല്ലം' എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തീയ്യതിയിൽ ആകസ്മികമായി അവധി പ്രഖ്യാപിക്കുകയാണെങ്കിൽ, അടുത്ത പ്രവൃത്തി ദിവസം മുൻ നിശ്ചയിച്ച പ്രകാരം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും.
3. കരാർ തൃപ്തികരമെങ്കിൽ പരമാവധി മൂന്ന് വർഷം വരെ വാടക കരാർ നീട്ടാവുന്നതും അങ്ങനെയെങ്കിൽ കരാർ കാലാവധി സമയത്ത് വാടകയിനത്തിൽ ഓരോ വർഷവും 10% വാർഷിക വർദ്ധനവ് ഉണ്ടായിരിക്കുന്നതുമാണ്.
4. പ്രതിമാസ വാടക ഓരോ മാസവും മുൻകൂറായി പോർട്ട് ഓഫീസിൽ അടക്കേണ്ടതാണ്.
5. ഗോഡൗൺ അനുവദിക്കുമ്പോൾ 6 മാസത്തെ വാടക തുക മുൻകൂറായി കൊല്ലം ജില്ലാ ട്രഷറിയിൽ അക്കൗണ്ടിൽ നിക്ഷേപിച്ച് പോർട്ടോഫിസറുടെ പേരിൽ പ്ളഡ്ജ് ചെയ്ത് പാസ്ബുക്ക് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മേൽ തുക കരാർ കാലാവധി അവസാനിക്കുന്ന സമയത്ത് മാത്രമേ റിലീസ് ചെയ്യുകയുള്ളൂ.
6. ഗോഡൗൺ അനുവദിക്കപ്പെടുമ്പോൾ കരാറുകാരൻ 200/- രൂപയുടെ മുദ്ര കടലാസിൽ നിബന്ധനകൾക്ക് വിധേയമായി കൊല്ലം പോർട്ട് ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

7. ക്വട്ടേഷനുകൾ സ്വീകരിക്കുവാനും കാരണം കൂടാതെ നിരസിക്കുന്നതിനും, മാറ്റിവെക്കാനുമുള്ള പൂർണ്ണ അധികാരം പോർട്ട് ഓഫീസറിൽ നിക്ഷിപ്തമാണ്.
8. ഗോഡൗണിന്റെ നിലവിലുള്ള അവസ്ഥയിലാണ് വാടകയ്ക്ക് നൽകുന്നത്. ആവശ്യമായ റിപ്പയറുകൾ സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. റിപ്പയറിന് ചെലവായ തുക റീഫണ്ട് ചെയ്യുന്നതല്ല.
9. ഗോഡൗണിന് രൂപമാറ്റം വരുത്തുന്നത് പോർട്ട് ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.
10. കരാർ കാലയളവിൽ കെട്ടിടത്തിന് എന്തെങ്കിലും നാശനഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. ഇത്തരത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കി കരാറുകാരനിൽനിന്നും ഈടാക്കുന്നതാണ്.
11. കരാർ ഏറ്റെടുക്കുന്ന വ്യക്തി/ സ്ഥാപനം മേൽപ്പറഞ്ഞ ഗോഡൗണും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും, പാരസ്ഥിതിക പ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടാകാതെ പരിപാലിക്കേണ്ടതുമാണ്.
12. കേരള സർക്കാരിന് ബാധകമായ മറ്റെല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ക്വട്ടേഷൻ സംബന്ധമായ വിശദവിവരങ്ങൾക്ക് ചുവടെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ പ്രവൃത്തി സമയത്ത് ബന്ധപ്പെടാവുന്നതാണ്.

പോർട്ട് കൺസർവേറ്റർ,
പോർട്ട് ഓഫീസ്,
ആശ്രാമം, കൊല്ലം -02
ഫോൺ നമ്പർ 0474 2743825
മൊബൈൽ 9895742123

പോർട്ട് ഓഫീസർ
കൊല്ലം

1. ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് , സൗത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം - 695001
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
3. നോട്ടീസ് ബോർഡ്

എസ്സ്.എസ്സ്./5.11.2018